# നന്ദിയുള്ളവരായിരിക്കുക എന്നത് ആത്മീയ വളർച്ചയുടെ അടയാളങ്ങളിൽ ഒന്ന്

സാക് പുന്നൻ

WFTW 09 ആഗസ്റ്റ് 2015

രക്ഷിക്കപ്പെട്ട ഒരു ചെറുപ്പക്കാരനെക്കുറിച്ചു ഞാൻ വായിച്ചു. എന്നാൽ അയാൾ കർത്താവിനു വേണ്ടി പൂർണ്ണഹൃദയമുള്ളവനായിരുന്നില്ല. ഒരു ദിവസം അവൻ ഒരു സ്വപ്നം കണ്ടു. അതിൽ അവൻ കണ്ടത്. അവൻ മരിച്ചു സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതായാണ്. അവിടെ അവന്റെ ജീവിതത്തിന്റെ കുറിപ്പു പുസ്തകത്തിനു കുറുകെ ''ക്ഷമിക്കപ്പെട്ടിരിക്കുന്നു'' എന്ന വാക്ക് എഴുതിയിരിക്കുന്നതാണ്. താൻ ക്ഷമിക്കപ്പെട്ടു സ്വർഗ്ഗത്തിലായതിൽ അവൻ സന്തോഷിച്ചു. എന്നാൽ തങ്ങൾക്കു ചുറ്റും ഒരു പ്രത്യേക തേജോവലയത്തോടു കൂടി ചില വിശ്വാസികളെ സ്വർഗ്ഗത്തിൽ അവൻ കണ്ടു. ഭൂമിയിൽ കർത്താവിനു വേണ്ടി തങ്ങളുടെ ജീവൻ വച്ചു കളഞ്ഞ രക്തസാക്ഷികളായിരുന്നു അവർ. കർത്താവിനും അവിടത്തെ സഭയ്ക്കുവേണ്ടി എല്ലാം ഉപേക്ഷിച്ചു കളഞ്ഞിട്ടുള്ളവരായിരുന്നു അവർ. പണം, സ്ഥാനം, മാനം ഇങ്ങനെ ലോകം വിലമതിച്ച എല്ലാത്തിനെയും അവർ യാഗം കഴിച്ചു. ഈ മനുഷ്യൻ അവരുടെ മഹത്തായ തേജസ് കണ്ട് അവരോട് അസൂയപ്പെട്ടു. അപ്പോൾ സ്വപ്നത്തിൽ യേശു ഈ മനുഷ്യന്റെ അടുക്കൽ വന്നിട്ട് അയാളോടു പറഞ്ഞത്, ഇപ്പോൾ അയാൾ കണ്ട ഈ തേജസ്സുള്ള ആളുകളിൽ നിന്ന് തികച്ചും വ്യത്യസ്തമായി അയാൾ കാണപ്പെടും. കാരണം അയാൾ ഭൂമിയിൽ അവരെപ്പോലെ അല്ല; അയാൾക്കുവേണ്ടി മാത്രം ജീവിച്ചിട്ടുള്ളവനാണ് എന്നാണ്. തന്റെ ജിവിതത്തിന്റെ സ്വാർത്ഥ വിഴികളെക്കുറിച്ചുള്ള ഓർമ്മയുമായി നിത്യത മുഴുവൻ ജീവിക്കണം എന്നു കേൾക്കുകയും മനസ്സിലാക്കുകയും ചെയ്തപ്പോൾ അയാൾ ഹൃദയം തകർന്നവനായി തീർന്നു. തനിക്കു രണ്ടാമതൊരു അവസരം തരണമെന്നു കർത്താവിനോട് അവൻ യാചിച്ചു. എന്നാൽ മരണാനന്തരം ഒരു രണ്ടാമൂഴം ഇല്ല എന്നു കർത്താവ് അവനോട് പറഞ്ഞു. അപ്പോൾ അവൻ ഉറക്കമുണർന്നു താൻ ജീവിച്ചിരിക്കുന്നു എന്നും അവൻ കണ്ടെതെല്ലാം സ്വപ്നം മാത്രം ആയിരുന്നു എന്നും കണ്ട് അവൻ നന്ദിയുള്ളവനായി. അന്നു മുതൽ ഇനി ശേഷിക്കുന്ന തന്റെ കാലം എല്ലാം, ജീവിതം പൂർണ്ണമായി കർത്താവിനുവേണ്ടി ജീവിക്കാൻ തീരുമാനിക്കുകയും ഒരു വലിയ ദൈവമനുഷ്യനായി തീരുകയും ചെയ്തു.

വർഷങ്ങളായി നിങ്ങൾക്കു സഭയിൽ നിന്നു ലഭിച്ചിട്ടുള്ള ആത്മീയ ആഹാരത്തെ നിങ്ങൾ വില മതിക്കുമെങ്കിൽ അപ്പോൾ നിങ്ങൾ സഭയെ വളരെയധികം വിലമതിക്കും. ഒരു പ്രാവശ്യം ഒരു ഭക്ഷണത്തിനു വേണ്ടി നിങ്ങളെ ക്ഷണിച്ചിട്ടുള്ളവരോടു നിങ്ങൾ എത്ര നന്ദിയുള്ളവനാണെന്ന് ഓർത്തു നോക്കുക. അങ്ങനെയെങ്കിൽ വർഷങ്ങളായി, സഭയിൽ നിരന്തരമായി ലഭിച്ചിട്ടുള്ള ആത്മീയ ആഹാരത്തിനു വേണ്ടി നിങ്ങൾ എത്രയധികം നന്ദിയുള്ളവനായിരിക്കണം!

അല്ലെങ്കിൽ ഈ കാര്യം മറ്റൊരു വിധത്തിൽ ചിന്തിക്കാം: ഒരാൾ നിങ്ങളുടെ മക്കളെ അപകടങ്ങളിൽ നിന്നു സംരക്ഷിച്ച്, അവർ രോഗികളായിരുന്നപ്പോൾ അവരെ ശുശ്രൂഷിച്ച്, നിരുത്സാഹപ്പെട്ടപ്പോഴെല്ലാം അവരെ ഉത്സാഹിപ്പിച്ച് അവരെ വളർത്തി എന്നു കരുതുക. ഈ വ്യക്തി ഇതെല്ലാം ചെയ്തത് ഒന്നോ രണ്ടോ ദിവസത്തേക്കല്ല എന്നാൽ അനേകം വർഷങ്ങളായിട്ടാണ് എന്നു കരുതുക. നിങ്ങൾ അയാളോട് നന്ദിയുള്ളവനായിരിക്കുകയില്ലേ?

നിങ്ങളുടെ മക്കളെ സംരക്ഷിക്കുന്നതിന് കുറഞ്ഞപക്ഷം ഇത്രയുമെങ്കിലും നിങ്ങൾ സഭയോട് നന്ദിയുള്ളവരാണോ? അനേക വിശ്വാസികളും ആത്മീയമായി വളർന്നിട്ടില്ലാത്തതിന്റെ കാരണം തങ്ങൾക്ക് സഭയിൽനിന്ന് ലഭിച്ചിട്ടുള്ളതിന് നന്ദിയുള്ളവരായിട്ടില്ല എന്നതാണ്. അനേക വർഷങ്ങളായി സഭയിൽ നിന്ന് വളരെ സൗജന്യമായി ലഭിച്ചിട്ടുള്ള എല്ലാ കാര്യങ്ങൾക്കും ഒട്ടും നന്ദിയില്ലാത്തവരായി തുടർന്നവരാണ് സഭയിൽ നിന്നു വിട്ടു പോയിട്ടുള്ളവർ.

ലൂക്കൊ. 17:15ൽ, സൗഖ്യമാക്കപ്പെട്ട പത്തു കുഷ്ഠരോഗികളെക്കുറിച്ചു നാം വായിക്കുന്നു. എന്നാൽ ഒരാൾ മാത്രം കർത്താവിനു നന്ദി പറയാനും ദൈവത്തെ മഹത്വീകരിക്കുവാനുമായി കർത്താവിന്റെ അടുത്തേക്കു മടങ്ങി വന്നു. അവർ ആവശ്യത്തിലായിരുന്നപ്പോൾ അവർ ശബ്ദം ഉയർത്തി കരുണയ്ക്കായി യാചിച്ചിട്ടുണ്ട്. എന്നാൽ അവർ സൗഖ്യമാക്കപ്പെട്ടു കഴിഞ്ഞപ്പോൾ, 9 പേർ തങ്ങൾ പ്രാപിച്ച പ്രയോജനത്തെക്കുറിച്ചു തീർത്തും നന്ദിയില്ലാത്തവരായിരുന്നു. ഒരാൾ മാത്രം നന്ദി പറയാൻ തന്റെ ശബ്ദം ഉയർത്തി. സൗഖ്യമാക്കപ്പെട്ട ആയിരക്കണക്കിനാളുകൾ പലസ്തീനിൽ ഉണ്ടായിരുന്നിരിക്കാം. അവർ ഒരിക്കലും കർത്താവിനു നന്ദി പറയുവാൻ മെനക്കെട്ടിട്ടില്ല, എന്നാൽ ഈ ശമര്യൻ മടങ്ങി വന്നു കർത്താവിനു നന്ദി പറഞ്ഞു. അയാൾ കർത്താവിനോട് ഇപ്രകാരം പറഞ്ഞിരിക്കാം: ''കർത്താവേ അവിടുന്നു എന്നെ തൊട്ടതിനാൽ എന്റെ ജീവിതം ഭാവിയിൽ എത്ര വ്യത്യാസപ്പെടാൻ പോകുകയാൺ എനിക്കു നഗരത്തിനകത്തു കടക്കാൻ കഴിയും. എനിക്ക് എന്റെ കുടുംബത്തിലേക്ക് മടങ്ങിപ്പോകാൻ കഴിയും. അവിടുന്ന് എന്റെ ജീവിതത്തിലേക്കു സന്തോഷം കൊണ്ടു വന്നു. ഈ അനുഗ്രഹങ്ങളൊന്നും എനിക്കു ലഭിക്കേണ്ടതു തന്നെയായിരുന്നു എന്നു ഞാൻ കണക്കാക്കുന്നില്ല. എല്ലാത്തിനും ഞാൻ അവിടുത്തോട് കടപ്പെട്ടിരിക്കുന്നു. കൂടാതെ എന്റെ ജീവിതത്തിന്മേലുള്ള അങ്ങയുടെ എല്ലാ അനുഗ്രങ്ങൾക്കും ഞാൻ അഗാധമായ നന്ദിയുള്ളവനാണ്.'' അയാൾ വെളിപ്പെടുത്തി. ഈ നന്ദിയുടെ ആത്മാവിനെ യേശു അനുമോദിച്ചു.

അപ്പോൾ യേശു അയാൾക്കു കുറച്ചു കാര്യങ്ങൾ കൂടി കൊടുത്തു. അവന്റെ വിശ്വാസമാണ് അവനെ രക്ഷിച്ചത് എന്നു യേശു അവനോടു പറഞ്ഞു. ശുദ്ധീകരിക്കപ്പെട്ട ആ കുഷ്ഠരോഗിക്ക് സൗഖ്യത്തെക്കാൾ കൂടുതലായി ചില കാര്യങ്ങൾ കർത്താവിൽ നിന്നും ലഭിച്ചു. അയാൾക്കു നേരത്തെ തന്നെ സൗഖ്യം ലഭിച്ചിരുന്നു. എന്നാൽ അയാൾ നന്ദിയുള്ളവനായിരുന്നതുകൊണ്ട് അവനു രക്ഷയും ലഭിച്ചു. ഈ ശമര്യക്കാരനെ ഞാൻ സ്വർഗ്ഗത്തിൽ കണ്ടു മുട്ടും എന്നെനിക്ക് ഉറപ്പുണ്ട്. എന്നാൽ ബാക്കി ഒൻപതു പേരിൽ ആരെയെങ്കിലും ഞാൻ അവിടെ കണ്ടു മുട്ടുമോ എന്നെനിക്കു തീർച്ചയില്ല. നിങ്ങൾ നന്ദി പറയാനായി കർത്താവിന്റെ അടുക്കൽ തിരിച്ചു വരുമ്പോൾ മറ്റുള്ളവർക്കു കിട്ടുന്നതിനേക്കാൾ കൂടുതലായി ചില കാര്യങ്ങൾ നിങ്ങൾക്കു കിട്ടുന്നു.

ഭൂമിയിലെ അവിടുത്തെ ശരീരമായ സഭയുടെ മദ്ധ്യത്തിൽ കർത്താവുണ്ട്. ഇപ്പോൾ നാം കർത്താവിനോടുള്ള ആദരവു കാണിക്കുന്നത് അവിടുത്തെ ശരീരത്തെ വിലമതിക്കുന്നതിലൂടെയാണ്. നിങ്ങൾ സഭയെ ആദരിക്കുകയും വിലമതിക്കുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്കു തന്നെയായിരിക്കും നഷ്ടമുണ്ടാകുന്നത്. അല്ലാതെ സഭയ്ക്കല്ല. സഭയെ വിലമതിക്കുകയും സഭയിൽ നിന്നു തങ്ങൾക്കു ലഭിച്ചിട്ടുള്ള കാര്യങ്ങൾക്കു നന്ദിയുള്ളവരായിരിക്കയും ചെയ്തിട്ടുള്ളവരെ ദൈവം ധാരാളമായി അനുഗ്രഹിച്ചിട്ടുണ്ട്.